"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ വടക്കേപൊറ്റ എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ശ്രീജ സി. ഫയൽ ചെയ്ത ഡബ്ള്യൂ.പി.(സി)നം.24206/21-ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 05/11/2021-ലെ വിധിന്യായം നടപ്പിലാക്കി പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4017/2022/GEDN      തീയതി,തിരുവനന്തപുരം, 11-07-2022

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ വടക്കേപൊറ്റ എ.യു.പി.സ്കൂൾ മാനേജരുടെ 08/05/2019-ലെ പുന:പരിശോധനാഹർജി (Ext.P4).
2. ബഹു. കേരള ഹൈക്കോടതിയുടെ 05/11/2021-ലെ ഡബ്ള്യൂ.പി.(സി)നം.24206/21-ന്മേലുള്ള വിധിന്യായം.
3. സ.ഉ.(സാധാ)നം.2069/2022/പൊവിവ തീയതി 26/03/2022.
4. ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/04/2022 & 30.5.2022-ലെ സി/2274/2019 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വടക്കേപൊറ്റ എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ശ്രീജ സി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ള്യൂ.പി.(സി)നം.24206/21-ന്മേൽ പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായം പ്രകാരം, ഹർജിക്കാരിയുടെ 23/06/2016 മുതലുള്ള നിയമനം, ശ്രീമതി. ആശാ സോമനെ 2010-ൽ ടെർമിനേറ്റ് ചെയ്തതുമൂലമുണ്ടായ ഒഴിവിലേയ്ക്ക് ക്രമീകരിച്ച്, മാനേജർ നടപടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹർജിക്കാരിയുടെ 23/06/2016 മുതൽ ഉള്ള നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിനും വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ടി വിധിന്യായം നടപ്പിലാക്കി പരാമർശം(3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ ശ്രീമതി. ആശാ സോമൻ എന്ന അധ്യാപിക ശൂന്യവേതനാവധി കഴിഞ്ഞ് ജോലിയിൽ തിരികെ പ്രവേശിക്കാത്തതിനാൽ, ടിയാളെ 01-02-2010 മുതൽ മാനേജർ സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്തിരുന്നെന്നും, ടിയാളുടെ ടെർമിനേഷൻ 03-11-2021-ലെ സി/2915/2019/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചെങ്കിലും 2015-16-ലെ തസ്തിക നിർണ്ണയ പ്രകാരം 9 അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകർ(പ്രധാനാധ്യാപികയടക്കം)തസ്തികകളാണ് അനുവദിച്ചിരുന്നത് എന്നതിനാലും, 2015-16-ൽ ശ്രീമതി. ആശാ സോമനെ കൂടാതെ 9 അംഗീകാരമുള്ള അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകർ(പ്രധാനാധ്യാപകനടക്കം) ടി സ്കൂളിൽ ഉണ്ടായിരുന്നു എന്നതിനാലും, ടിയാളുടെ ടെർമിനേഷൻ മൂലം ഈ സ്കൂളിൽ ഒഴിവ് വരുന്നില്ലെന്നും ഈ വിവരങ്ങൾ പരാമർശം(2)

വിധിന്യായം പ്രകാരമുള്ള കൂടിക്കാഴ്ചാ സമയത്ത് സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നതാണെന്നും മാത്രമല്ല, ഈ വിവരങ്ങൾ 26/03/2022 തീയതിയിലെ സ.ഉ(സാധാ) നം. 2069/2022/പൊവിവ ഉത്തരവിലും പ്രതിപാദിച്ചിട്ടുണ്ടെന്നും, ആയതിനാൽ 2016-17 വർഷം മുതൽ തസ്തിക ലഭ്യമല്ലാത്ത സാഹചര്യത്തിൽ ശ്രീമതി. ശ്രീജ സി.യുടെ നിയമനം അംഗീകരിക്കാൻ കഴിയുന്നതല്ല എന്നും, മേൽ സാഹചര്യത്തിൽ 26/03/2022 തീയതിയിലെ സ.ഉ(സാധാ) നം.2069/2022/പൊവിവ ഉത്തരവ് ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കണമെന്നും പരാമർശം (4) കത്ത് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, 2016-17 വർഷം ടി സ്കൂളിൽ ഒരു അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപക തസ്തിക കുറഞ്ഞ്, 7 അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപക തസ്തികയും പ്രഥമാദ്ധ്യാപക തസ്തികയും ആയെന്നും, പ്രഥമാദ്ധ്യാപകൻ കൂടാതെ 7 അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകർ ടി വർഷം ജോലിനോക്കിയിരുന്നെന്നും, 2017-18 വർഷം ടി സ്കൂളിൽ ഒരു അധിക തസ്തിക ലഭ്യമായെങ്കിലും ടി തസ്തികയിൽ സംരക്ഷിതാദ്ധ്യാപകനെയാണ് നിയമിക്കേണ്ടിയിരുന്നതെന്നും പരാമർശം(2) വിധിന്യായം പ്രകാരം നടത്തിയ കൂടിക്കാഴ്ചാ വേളയിൽ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയിതിരുന്നു. മേൽ സാഹചര്യത്തിൽ 2016-17 വർഷം ശ്രീമതി. ശ്രീജ സി.യുടെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപക നിയമനം അംഗീകരിക്കാൻ കഴിയാത്തതിനാൽ 2017-18 വർഷം ടി സ്കൂളിൽ ലഭ്യമായ അധിക തസ്തികയിൽ ശ്രീമതി. ശ്രീജ സി.യുടെ നിയമനം ക്രമീകരിച്ച് മാനേജർ നടപടി ഉത്തരവ് പുറപ്പെടുവിക്കുകയും, ആയത് ലഭ്യമാക്കുകയും, 06/04/2021 തീയതിയിലെ സ.ഉ(അച്ചടി) നം.4/2021/പൊവിവ ഉത്തരവിന്റെ ഖണ്ഡിക 4(2)-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കുകയും ചെയ്യുന്ന പക്ഷം, ടി ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് 2017-18 വർഷം ടി സ്കൂളിൽ ലഭ്യമായ അധിക തസ്തികയിൽ ശ്രീമതി. ശ്രീജ സി.യുടെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപക നിയമനം, ടിയാൾ മറ്റെല്ലാ വിധത്തിലും യോഗ്യയെങ്കിൽ അംഗീകരിച്ച് നൽകാൻ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം പരാമർശം(3) ഉത്തരവ് ഭേദഗതി വരുത്തി നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട് ജില്ല.
മാനേജർ, എ.യു.പി.സ്കൂൾ, വടക്കേപൊറ്റ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.യു.പി.സ്കൂൾ, വടക്കേപൊറ്റ, പാലക്കാട്.
ശ്രീമതി. ശ്രീജ സി., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ
എ.യു.പി.സ്കൂൾ, വടക്കേപൊറ്റ, പാലക്കാട്.

സ.ഉ.(സാധാ) നം.4017/2022/GEDN

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 11-07-2022 16:35:49**
സെക്ഷൻ ഓഫീസർ